LIBRARY ARCHIVES Kerala Legislative Assembly

ഉല്പാദന ക്ഷമത 1.20 ടണ്ണിൽ നിന്നും 2.4 ടണ്ണായി വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഇതിനുപുറമേ ടി പദ്ധതിയിൽ ഉൾപ്പെടുത്തി പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളായ സ്ലൂയിസ് നിർമ്മാണം, പെട്ടി പറ സ്ഥാപിക്കൽ, എഞ്ചിൻതറ നിർമ്മാണം, ഉണക്ക് മെതി കളങ്ങൾ, ഡീസൽ എഞ്ചിൻ, മോട്ടോർ പമ്പ് സെറ്റ് പവ്വർ ടില്ലറുകൾ മുതലായവ ലഭ്യമാക്കൽ എന്നിവയ്ക്കുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിൽ സംസ്ഥാന/കേന്ദ്ര ഭക്ഷ്യ സുരക്ഷാ പദ്ധതികൾ നടപ്പിലാക്കിയതു വഴി ജില്ലയിലെ നെല്ലുല്പാദനം 2007-08-ൽ 4,11,787 ലക്ഷം ടണ്ണായിരുന്നത് 2009-10-ൽ 4.892 ലക്ഷം ടണ്ണായി വർദ്ധിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 2005-06 മുതൽ 2010-11-ൽ നാളിതുവരെ 43575 ഹെക്ടർ തരിശുനിലങ്ങൾ കൃഷി യോഗ്യമാക്കിയിട്ടുണ്ട്.

പച്ചക്കറികളുടെ വില നിയന്ത്രിക്കുന്നതിന് നടപടികൾ

212 (1176) ശ്രീ. വർക്കല കഹാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പച്ചക്കറികളുടെ വില ക്രമാതീതമായി വർദ്ധിക്കുന്നത് നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്നറിയിക്കുമോ ;

(ബി) സംസ്ഥാനത്തിനുള്ളിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ സംഭരിക്കാനും വിതരണം നടത്താനും പുതിയതായി എന്തൊക്കെ സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് എന്നറിയിക്കുമോ ;

(സി) അയൽസംസ്ഥാനങ്ങളിൽ നിന്ന് സംഭരിക്കുന്ന പച്ചക്കറികൾ ന്യായവിലയ്ക്ക് ലഭ്യമാക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത് ;

(ഡി) അമിതവിലയ്ക്ക് പച്ചക്കറിവില്പന നടത്തുന്നത് നിയന്ത്രിക്കുന്നതിനും ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് പച്ചക്കറി ലഭ്യമാക്കാനും എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പച്ചക്കറിയുടെ വില ക്രമാതീതമായി വർദ്ധിക്കുന്നത് നിയന്ത്രിക്കുന്നതിന് ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. കൃഷി വകുപ്പ് എന്നിവ വിപണി ഇടപെടൽ നടത്താറുണ്ട്. പൊതുവിപണിയിലേതിനേക്കാൾ 20% മുതൽ 30% വരെ വില കുറച്ചാണ് ഈ ഏജൻസികൾ മുഖേന പച്ചക്കറികൾ ഇത്തരം സന്ദർഭങ്ങളിൽ വിൽക്കുന്നത്. ഓണക്കാലത്തും, പച്ചക്കറിയുടെ വില ക്രമാതീതമായി ഉയർന്ന, കഴിഞ്ഞ ഡിസംബർ മാസത്തിലും മിക്കവാറും എല്ലാ ജില്ലകളിലും ഹോർട്ടികോർപ്പ് ഫെയറുകൾ സംഘടിപ്പിക്കുകയും 20% വരെ പൊതുവിപണിയിലേതിനേക്കാൾ വില കുറച്ച് പച്ചക്കറികൾ വിതരണം ചെയ്യുകയുമുണ്ടായി. ഇത്തരത്തിൽ കഴിഞ്ഞ ഓണക്കാലത്ത് കൃഷി വകുപ്പ് നേരിട്ട് നടത്തിയ

ചന്തകൾക്ക് 52 ലക്ഷം രൂപയും, ഹോർട്ടികോർപ്പ് മുഖേന നടത്തിയ ചന്തകൾക്ക് 60 ലക്ഷം രൂപയും, വി.എഫ്.പി.സി.കെ. മുഖേന നടത്തിയ ചന്തകൾക്ക് 25 ലക്ഷം രൂപയും ചെലവഴിച്ചു. കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ 254 ഓണച്ചന്തകളും, 4 ന്യായ വില പച്ചക്കറി വിപണനമേളകളും വി.എഫ്.പി.സി.കെ. മുഖാന്തരം സംഘടിപ്പിച്ചിട്ടുണ്ട്. ഓണക്കാലത്ത് വിപണിയിലെ പച്ചക്കറിയുടെ വില വർദ്ധന ഒരു പരിധിവരെ നിയന്ത്രിക്കുവാൻ ഈ നടപടികൾമൂലം സാധിച്ചു.

(ബി) സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള 6 മൊത്തവ്യാപാര വിപണികളിൽ കർഷകരുടെ ഉല്പന്നങ്ങൾ എത്തിച്ച് ലേലം നടത്തി വിപണനം നടത്തുവാനുള്ള പദ്ധതി ആരംഭിച്ചു കഴിഞ്ഞു. ഓരോ വിപണിയുടേയും പരിസരത്തുള്ള കർഷകരെ ഗ്രൂപ്പുകളാക്കി ആഴ്ചയിൽ ഒരു നിശ്ചിത ദിവസം അവരുടെ ഉല്പന്നങ്ങൾ വിപണിയിൽ വച്ച് ലേലം ചെയ്യുന്നു. പ്രസ്തുത ലേലങ്ങളിൽ കച്ചവടക്കാർ വില താഴ്ത്തി വാങ്ങാതിരിക്കുവാൻ വേണ്ടി ഹോർട്ടികോർപ്പും ലേലങ്ങളിൽ പങ്ക് ചേരുന്നതാണ്. ഇതിനുവേണ്ടി 50 ലക്ഷം രൂപ പ്രവർത്തനഫണ്ടായി ഹോർട്ടികോർപ്പിന് നൽകിയിട്ടുണ്ട്. കർഷകരെ പ്രസ്തുത ലേലങ്ങളിലേക്ക് ആകർഷിക്കുന്നതിന് അവർ കൊണ്ടുവരുന്ന ഉല്പന്നങ്ങൾക്ക് കിലോയ്ക്ക് 0.50 രൂപ നിരക്കിൽ ട്രാൻസ്പോർട്ട് സബ്സിഡി നൽകുന്നതാണ്. വേങ്ങേരി മൊത്ത വ്യാപാര വിപണിയിൽ 16-8-2010-നും മൂവാറ്റുപുഴ മൊത്ത വ്യാപാര വിപണിയിൽ 30-11-2010-നും ലേല നടപടികൾ ആരംഭിച്ചിട്ടുണ്ട്. സുൽത്താൻ ബത്തേരി, മരട് വിപണികളിൽ ജനുവരി 2011-ൽ ലേല നടപടികൾ ആരംഭിച്ചു. നെടുമങ്ങാട് വിപണിയിൽ 16-2-2011-ന് ലേല നടപടികൾ ആരംഭിക്കുന്നതാണ്.

സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും ഹോർട്ടികോർപ്പ് നടപടികൾ കൈക്കൊള്ളുന്നുണ്ട്. വി.എഫ്.പി.സി.കെ. അവരുടെ സ്വാശ്രയ വിപണികൾ മുഖേന കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നുണ്ട്. സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന പച്ചക്കറി വികസന പദ്ധതി പ്രകാരം ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ വിപണനം നടത്തുന്നതിനായി വില്പനശാലകൾ ആരംഭിക്കുന്നതിന് 5000 രൂപ നിരക്കിൽ ആനുകൂല്യം നൽകുന്നുണ്ട്. ഇത്തരത്തിൽ 36 വില്പനശാലകൾ പ്രവർത്തിച്ചു വരുന്നു. ഇതിനുപുറമെ റസിഡൻസ് അസോസിയേഷനുകൾ മുഖേന 20 യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. പഴം, പച്ചക്കറി എന്നിവയുടെ സംഭരണത്തിനും വിപണനത്തിനുമായി 2010-11 സാമ്പത്തിക വർഷത്തിൽ ഉല്പാദന മേഖലകൾ കേന്ദ്രീകരിച്ച് 15 കർഷക വിപണന കേന്ദ്രങ്ങളും 27 സംഭരണ കേന്ദ്രങ്ങളും സ്ഥാപിക്കുകയുണ്ടായി. ഇതുകൂടാതെ കർഷകരുടെ ഉല്പന്നങ്ങൾ ഉപഭോക്താക്കളിലേക്ക് നേരിട്ട് എത്തിക്കുക എന്ന ലക്ഷ്യത്തോടെ 10 ചില്ലറ വില്പനശാലകളും ഈ സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്നുണ്ട്. ഇതിൽ 6 ചില്ലറ വില്പനശാലകൾ പ്രവർത്തനക്ഷമമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തുല്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് പുറമേ ഇവിടെ ലഭ്യമല്ലാത്ത മറ്റു പച്ചക്കറികൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും ഹോർട്ടികോർപ്പ് സംഭരിച്ച് ന്യായവിലയ്ക്ക് ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികൾ പൊതുകമ്പോളത്തിൽ ഉള്ളതിനെക്കാൾ കുറഞ്ഞ വിലയ്ക്കാണ് ഹോർട്ടികോർപ്പ് സ്റ്റാളുകളിലൂടെ വിൽക്കുന്നത്. ഓരോ ദിവസവും പൊതുവിപണിയിലെ വില കണക്കിലെടുത്തതിന് ശേഷമാണ് ഹോർട്ടികോർപ്പ് കുറഞ്ഞ വില നിശ്ചയിക്കുന്നത്.

(ഡി) കൃഷി വകുപ്പിന്റെ കീഴിലുള്ള മൊത്ത വ്യാപാര വിപണികൾ ശക്തിപ്പെടുത്തി ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് പച്ചക്കറി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ഹോർട്ടികോർപ്പിന്റെ പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിലേക്കായി എല്ലാ ജില്ലകളിലും കൂടുതൽ ഹരിത സ്റ്റാളുകൾ സ്ഥാപിക്കുന്നതിനും നഗരങ്ങൾ കേന്ദ്രീകരിച്ച് സൂപ്പർമാർക്കറ്റുകൾ തുടങ്ങുന്നതിനും, വിലക്കയറ്റം ഉണ്ടാകുമ്പോഴും ഉത്സവകാലങ്ങളിലും വില കുറച്ച് മേളകൾ സംഘടിപ്പിക്കാനും ഉദ്ദേശമുണ്ട്. പൊതുവിപണിയിൽ പച്ചക്കറി വില ഉയരുമ്പോൾ കൃഷി വകുപ്പ് മന്ത്രിയും വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ് എന്നീ ഏജൻസികൾ മുഖേനയും വിപണി ഇടപെടൽ നടത്താറുണ്ട്. ഇതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സമഗ്ര പച്ചക്കറി വികസന പദ്ധതി

213 (1177) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പച്ചക്കറിയുൽപ്പാദനത്തിൽ സ്വയംപര്യാപ്തത, ഗുണമേന്മയുള്ള ജൈവപച്ചക്കറി ഉൽപ്പാദിപ്പിക്കുക എന്നിവ ലക്ഷ്യമിട്ട് 'സമഗ്ര പച്ചക്കറി' വികസന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഏതെല്ലാം പ്രദേശങ്ങളിൽ എത്ര ഹെക്ടർ പ്രദേശങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എത്രമാത്രം പച്ചക്കറി കൂടുതലായി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) പദ്ധതി നടപ്പാക്കുന്നതിന് കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly